ഉത്തരം

(എ) തരിയോട് പഞ്ചായത്തിലെ കളരിക്കോട് കോളനിയിൽ 17 വീടുകൾക്ക് നിലവിൽ വൈദ്യുതി കണക്ഷനുണ്ട്.

(ബി) കണക്ഷനുവേണ്ടിയുള്ള പൂർണ്ണമായ അപേക്ഷ സമർപ്പിക്കാത്തതിനാൽ 13 വീടുകൾക്ക് ഇതുവരെ വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല. വയറിംഗ് പൂർണ്ണമായും അപകടാവസ്ഥയിലായതിനാലും ചാർജ്ജിനത്തിൽ കുടിശ്ശിക വരുത്തിയതിനാലും മൂന്ന് വീടുകളിലെ വൈദ്യുതി വിച്ഛേദിച്ചിട്ടുണ്ട്. കുടിശ്ശിക സംഖ്യ പട്ടികവർഗ്ഗ ക്ഷേമ വകുപ്പിനെ അറിയിച്ചിട്ടുണ്ടെങ്കിലും ഇതുവരെ തുക അടച്ചിട്ടില്ല.

(സി) കുടിശ്ശിക തുക ഒടുക്കുകയും, വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ സമർപ്പിക്കുകയും ചെയ്താൽ മാത്രമേ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കാനാവുകയുള്ളൂ.

കുന്നംകുളം കെ.എസ്.ഇ.ബി. ഡിവിഷൻ ആഫീസിന് കീഴിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ചവർ

40 (4031) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം കെ.എസ്.ഇ.ബി ഡിവിഷൻ ആഫീസിനു കീഴിൽ വരുന്ന സെക്ഷൻ ആഫീസിനു കീഴിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ചവരിൽ ഇനിയും എത്ര പേർക്ക് കണക്ഷൻ നൽകാനുണ്ട് ;

(ബി) ഇതിൽ ഗാർഹിക, കാർഷിക കണക്ഷനുകൾ എത്ര വീതം വരും; സെക്ഷൻ ആഫീസുതിരിച്ച് പ്രത്യേകം വ്യക്തമാക്കുമോ ;

(സി) ഇത്രയും പേർക്ക് എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 34 കണക്ഷൻ നൽകാനുണ്ട്.

(ബി) വൈദ്യുതി കണക്ഷൻ നൽകാനുള്ളവയുടെ വിവരം താഴെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ഇലക്ഷൻ സെക്ഷൻ	കണക്ഷൻ അടച്ച അപേക്ഷകരിൽ കണക്ഷൻ നൽകുന്നതിന് 9-12-2014 മുതൽ ലഭ്യമാക്കാനുള്ളവർ			ചെലവാകുന്ന തുക
		ഗാർഹികം	കാർഷികം	മറ്റുള്ളവർ	ആകെ
1	കുന്നംകുളം	0	0	0	0
2	പഴഞ്ഞി	0	0	0	0
3	പെരുമ്പിലാവ്	0	0	0	0
4	കേച്ചേരി	0	0	0	0
5	മുണ്ടർ	1	1	5	7
6	ചൂനംമൂച്ചി	1	1	3	5
7	ഗുരുവായൂർ	0	0	0	0
8	ബീച്ച്	2	3	2	7
9	ചാവക്കാട്	3	1	2	6
10	പുന്നയൂർക്കുളം	6	0	3	9
11	ബിഗ്ബസാർ	0	0	0	0
	ആകെ	13	6	15	34

ഗാർഹികം	-	13
കാർഷികം	-	6
മറ്റുള്ളവർ	-	15
ആകെ	-	34

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 പ്രകാരം, ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ അപേക്ഷ ലഭിച്ച് 7 ദിവസ പരിധിക്കുള്ളിൽ സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി, 30 ദിവസ പരിധിക്കുള്ളിൽ WP കണക്ഷനുകളും, 1 കി.മീ. വരെയുള്ള OH ലൈൻ നീട്ടൽ ആവശ്യമുള്ള വൈദ്യുതി കണക്ഷനുകൾ 45 ദിവസങ്ങൾക്കുള്ളിലും പിന്നീടുള്ള ഓരോ കിലോ മീറ്ററിനും 15 ദിവസം വീതവും വരെയുള്ള സമയപരിധിക്കുള്ളിൽ വൈദ്യുത കണക്ഷനുകൾ നൽകിവരുന്നു. കണക്ഷൻ ലഭ്യമാക്കാൻ ചെലവാകുന്ന ഇക അടച്ച ടി 34 ഉപഭോക്താക്കൾക്കും മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ മറ്റ് തടസ്സങ്ങളില്ലെങ്കിൽ കണക്ഷനുകൾ നൽകാവുന്നതാണ്.

അനെർട്ടിലെ നിയമന നടപടികൾ

41 (4032) ശ്രീ.വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനെർട്ടിലെ വിവിധ തസ്തികകളിലേക്ക് ഉള്ള നിയമന നടപടികൾ നിർത്തി വെയ്ക്കാൻ നിർദ്ദേശം നിലവിലുണ്ടോ ;

(ബി) പ്രസ്തുത സർക്കാർ നിർദ്ദേശം ലംഘിച്ചു കൊണ്ട് സ്ഥാപനത്തിൽ ഏതെങ്കിലും തസ്തികകളിലേക്ക് നിയമന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഈ ക്രമക്കേടുകളിൻമേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 20-7-2011-ലെ 4560/പി.എസ്.2/2011/പി.ഡി. നമ്പർ സർക്കാർ കത്ത് പ്രകാരം അനെർട്ടിലെ വിവിധ തസ്തികകളിലേക്കുള്ള നിയമന നടപടികൾ നിർത്തിവയ്ക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി&സി) നിർദ്ദേശം ലംഘിച്ചുകൊണ്ട് നിയമനം നടത്തിയിട്ടില്ല.

കാസർഗോഡ് ജില്ലയിൽ വാടകക്കെട്ടിടത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകൾ

42 (4033) ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി.-യുടെ എത്ര ഓഫീസുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) പ്രസ്തുത വാടകയിനത്തിൽ പ്രതിമാസം കെ.എസ്.ഇ.ബി. എത്ര ഇക കണ്ടെത്തണം ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) കെ.എസ്.ഇ.ബി.യുടെ പല ഓഫീസുകളും പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ ആവശ്യത്തിന് റവന്യൂ ഭൂമി ലഭ്യമാക്കാവുന്ന സാഹചര്യത്തിൽ സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly